**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5760** **08-11-2021 - ൽ മറുപടിയ്ക്ക്**

**യുവ സംരംഭകർക്ക് സർക്കാർ പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | യുവ സംരംഭകർക്ക് എന്തെല്ലാം പ്രോത്സാഹനമാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | (എ) | തൊഴിലന്വേഷകരെ തൊഴിൽദാതാക്കളാക്കുക എന്ന സർക്കാർ നയത്തിന് ഊന്നൽ നൽകിക്കൊണ്ട് യുവ സംരംഭകർ ഉൾപ്പടെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിനായി മുന്നോട്ട് വരുന്ന സംരംഭകർക്ക് പ്രോൽസാഹനമാകുന്ന നിരവധി പദ്ധതികളും പ്രവർത്തനങ്ങളും നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. 2019-ലെ കേരള സൂക്ഷ്മ–ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത സൂക്ഷ്മ–ചെറുകിട-ഇടത്തരം സംരംഭങ്ങളെ 3 വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ യുവസംരംഭകർക്കുള്ള സേവനങ്ങൾ നൽകുന്നതിനായി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. സംരംഭകത്വം പ്രോൽസാഹിപ്പിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവൽകരണ സെമിനാറുകൾ, താലൂക്ക് -ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിൽ സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ എല്ലാ വർഷവും നടത്തി വരുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് |

| | | | |
|---|---|---|---|
| | | | പ്രോൽസാഹിപ്പിക്കുന്നതിനായി സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ലഭിക്കുന്നതിനുള്ള ഏകജാലക സംവിധാനമായി K-Swift പോർട്ടൽ നിലവിലുണ്ട്. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ്സ് ഇൻകുബേഷൻ (ARISE) എന്ന പദ്ധതി വഴി കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവരെ Kerala Institute of Entrepreneurship Development (KIED) മുഖേന ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുത്തുകയും അവർക്കാവശ്യമായ incubation support പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കേരളത്തിലെ യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കെ.എസ്.ഐ.ഡി.സി. ആവിഷ്കരിച്ചിരിക്കുന്ന ധനസഹായ പദ്ധതിയാണ് പ്രാരംഭമൂലധന സഹായം.(സീഡ് ഫണ്ട് സഹായം). സംസ്ഥാനത്തെ യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും തൊഴിലന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിൽ എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്കു ഇരുപത്തഞ്ചു ലക്ഷം രൂപ വരെ മൂലധന സഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറു ശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചു ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായം ആയി നൽകി വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇത് വരെ 117 യുവ സംരംഭങ്ങൾക്ക് മൂലധന സഹായം അനുവദിക്കുകയുണ്ടായി. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപ വരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കി വരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്. ഐ.ഡി.സി. യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗനിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തി വരുന്നു. |
| (ബി) | യുവസംരംഭകർക്ക് പലിശ രഹിത വായ്പ | (ബി) | യുവസംരംഭകരുടെ വായ്പയുടെ പലിശ നിലവിലെ |

| | | | |
|---|---|---|---|
| | ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | | ആർ.ബി.ഐ ബാങ്ക് നിരക്കായ 4.25% ആണ്. ഇത് താരതമ്യേന വളരെ കുറഞ്ഞ പലിശനിരക്കാണ്. |
| (സി) | പ്രാദേശിക ഉൽപന്ന വ്യവസായം പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (സി) | മേൽ പരാമർശിച്ച എല്ലാ പദ്ധതികളും യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ പ്രാദേശിക ഉൽപ്പന്നങ്ങളും വ്യവസായവും പ്രോത്സാഹിപ്പിക്കുന്നതിനും കൂടി വേണ്ടിയുള്ളതാണ്. |

സെക്ഷൻ ഓഫീസർ